ഒ.പി.യിലും മറ്റുമായി സ്റ്റേയിൽപ്പെട്ട് കിടക്കും. കൂടാതെ വ്യാപാര സ്ഥാപനം പൂട്ടിപോയതും കുടിശ്ശികക്കാരൻ പാപ്പരായതും നാട് വിട്ടതുമായ അവസരങ്ങളിലും കുടിശ്ശിക പിരിച്ചെടുക്കാൻ കാലതാമസം ഉണ്ടാകാറുണ്ട്.

(സി) 23343 കേസുകൾ.

(ഡി) 1770.31 കോടി രൂപ. 1864.93 കോടി രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

(ഇ) കുറഞ്ഞിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

വിൽപ്പന നികുതി വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സ്വത്തുവിവരം

26. [1806] ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി വകുപ്പിന്റെ തിരുവനന്തപുരം ജില്ലയിലെ സ്കാഡ് നമ്പർ 2-ൽ (ഇൻറലിജൻസ് വിഭാഗം ഉൾപ്പെടെ എത്ര സെയിൽസ്ടാക്സ് ഇൻസ്പെക്ടർമാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവർ ഈ ഡിപ്പാർട്ടുമെൻറിൽ എത്ര കാലമായി ജോലി ചെയ്തു വരുന്നു ;

(സി) മൂന്ന് വർഷം പൂർത്തിയാക്കിയവരെ തൽസ്ഥാനത്ത് നിന്ന് മാറ്റണമെന്ന വ്യവസ്ഥ ഇവർക്ക് ബാധകമാക്കിയിട്ടുണ്ടോ ;

(ഡി) ആണെങ്കിൽ മൂന്ന് വർഷം പൂർത്തിയാക്കിയ ഉദ്യോഗസ്ഥരെ തൽസ്ഥാനത്തുനിന്നും മാറ്റാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ ഉദ്യോഗസ്ഥർ ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചശേഷം ആർജ്ജിച്ച സ്വത്തിനെപ്പറ്റി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇവരുടെയും കുടുംബാംഗങ്ങളുടെയും സ്വത്തിനെപ്പറ്റി അന്വേഷിക്കാൻ നടപടി സ്വീകരിക്കാമോ ;

(ജി) അനധികൃതമായി സ്വത്ത് സമ്പാദിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 3 സെയിൽടാക്സ് ഇൻസ്പെക്ടർമാർ.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) പൊതു സ്ഥലം മാറ്റത്തിൽ ഈ ആവശ്യം പരിഗണിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ആൻറ് (ജി) ഓരോ കേസിന്റെയും ഗൗരവം കണക്കിലെടുത്ത് നടപടി സ്വീകരിക്കുന്നതാണ്.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി

27. [1808] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1976-ൽ നിലവിൽ വന്ന സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ 1995 ഡിസംബർ വരെ എത്ര പോളിസി നൽകി ;

LIBRARY ARCHIVES Kerala Legislative Assembly